ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
08 FEBRUARY 2024 | VOL 03 | ISSUE 038 | 737

QUOTES OF DAYS



FEB 08

പോസിറ്റീവ് കാഴ്ചപ്പാട് നിങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതായിരിക്കും. അതുണ്ടെങ്കിൽ മറ്റുള്ളവർക്കായി നിങ്ങൾ സത്പ്രവൃത്തികളും ചെയ്യും.
**ഹിലാരി ക്ലിന്റൺ**



INTERNATIONAL KITE DAY

# പാലയൂർ പള്ളി ശിവക്ഷേത്രമായിരുന്നെന്ന് ഹിന്ദു ഐക്യവേദി



തൃശൂർ: ഗുരുവായൂരിലെ പാലയൂർ പള്ളി ശിവക്ഷേത്രമായിരുന്നുവെന്ന് ഹിന്ദു ഐക്യവേദി വക്താവ് ആർ.വി ബാബു. ഗുരുവായൂർ ക്ഷേത്രത്തിൽ പോകുന്ന സമയം തൊട്ട് തനിക്ക് ഇത് അറിയാമെന്നും. ഒരു സ്വകാര്യ വാർത്ത!



ചാനലിൽ ഗ്യാൻവാപി മസ്ജിദുമായി ബന്ധപ്പെട്ട ചർച്ചയിലാണ് പാലയൂർ പള്ളിയെ പറ്റി ഗുരുതര ആരോപണം ഉന്നയിച്ചത്.

ഗുരുവായൂർ ക്ഷേത്രത്തിനു അടുത്ത് സ്ഥിതി ചെയ്യുന്ന ക്രിസ്ത്യൻ ദേവാലയമാണ് പാലയൂർ സെന്റ്. തോമസ് ചർച്ച്. തൃശൂർ അതിരൂപതയ്ക്കു കീഴിലുള്ള ഈ ദേവാലയം യേശുക്രിസ്തുവിന്റെ ശിഷ്യൻമാരിൽ ഒരാളായ തോമസ് സ്ഥാപിച്ചതാണെന്നാണ് ഐതിഹ്യം. മലയാറ്റൂർ പള്ളി എങ്ങനെയാണുണ്ടായതെന്ന് മലയാറ്റൂർ രാമകൃഷ്ണൻ മാതൃഭൂമി വാരികയിൽ എഴുതിയിട്ടുണ്ടെന്നും അത് വായിക്കണമെന്നും ആർ.വി ബാബു പറഞ്ഞു. അർത്തുങ്കൽ പള്ളി ഹിന്ദുക്ഷേത്രമായിരുന്നുവെന്ന് ആർ.എസ്.എസ് നേതാവ് ടി.ജി. മോഹൻദാസ് പറഞ്ഞത് ശരിയാണെന്നും. അമ്പത് വർഷം മുമ്പ് പുറത്തിറക്കിയ സുവനീറിൽ അത് പറഞ്ഞിട്ടുണ്ടെന്നും ആർ.വി ബാബു വാദിക്കുന്നു.

08 FEBRUARY 2024
VOL 03 | ISSUE 038 | 737

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ളിഷർ**
നെൽസൺ ജോർജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

**FULL PAGE**

| | |
|---|---|
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |

**HALF PAGE**

| | |
|---|---|
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |

**QUARTER PAGE**

| | |
|---|---|
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |

**HALF OF QUARTER PAGE**

| | |
|---|---|
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

### ഫെബ്രുവരി 08

**മത്താ. 28: 20** ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും അനുസരിക്കേണ്ടതിനായി ഉപദേശിക്കുകയും ചെയ്യുവിൻ; നോക്കു, ഞാൻ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു.

എഡിറ്റോറിയൽ

# യഹോവയെ സ്തുതിപ്പിൻ...



പാ. ഷിബു തോമസ്
ഒക്‌ലഹോമ

മിക്ക സങ്കീർത്തനങ്ങളുടേയും ആരംഭത്തിലും അവസാനത്തിലും നാം കാണുന്ന ഒരു ആഹ്വാനമാണിത്. യഹോവയെ സ്തുതിപ്പിൻ എന്തിനാണിതിന് ഇത്ര പ്രത്യേകത ദൈവം സ്തുതികളിന്മേൽ വസിക്കുന്നവനാണ്. യഹോവയ്ക്കു സ്തോത്രം ചെയ്യുന്നത്, അവിടുത്തെ നാമത്തെ പുകഴ്ത്തുന്നത് ദൈവത്തിന്റെ സാന്നിദ്ധ്യം നാം ഉറപ്പാക്കുകയാണ്. പ്രതികൂലങ്ങളിലും പ്രതിസന്ധ്യകളിലും മാത്രമല്ല , ജീവിതത്തിന്റെ ഉന്നതവേളയിലും, ആഘോഷദിനങ്ങളിൽ ദൈവത്തെ ഉയർത്തുന്ന ഒരു സ്വഭാവം കെട്ടിപ്പടുക്കുക.

സ്തുതിയും സ്തോത്രവും സ്വീകരിപ്പാൻ യോഗ്യനായ ഒരുവൻ നമ്മുടെ ദൈവം മാത്രമാണ്. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവിടുത്തെ കൈവേലയെ പ്രസിദ്ധമാക്കുന്നു. കാരണം അവിടുന്ന് സൃഷ്ടികർത്താവാണ്. അവിടുത്തെ വാക്കിന് സകലവും ഉളവായി . ഇല്ലാത്തതിനെ ഉള്ളത്പോലെ വിളിച്ചു വരുത്തി, സകലത്തിനും പേർ വിളിച്ചു, നക്ഷത്രങ്ങളുടെ ഒക്കെയും എണ്ണം നോക്കുന്നു. സകല ജഡത്തിനും അതതിന്റെ ആഹാരം കൊടുക്കുന്നു. ആഴികളെ ഭണ്ഡാരഗൃഹങ്ങളിൽ കൂടി വയ്ക്കുന്നു. ഭൂതലത്തിൽ ഒക്കെയും മഴ പെയ്യിക്കുന്നു.

ദരിദ്രനെ കപപ്പയിൽ നിന്ന് ഉയർത്തുന്നു. ക്ഷീണിച്ചവർക്ക് ബലം പകരുന്നു. ഹൃദയം തർന്നവരുടെ മുറിവുകളെ കെട്ടുന്നു. എല്ലാ വഴിയും കുറവു തീർത്ത്, ശക്തികൊണ്ട് അര മുറുക്കുന്നു. പാപികളെ രക്ഷിക്കുന്നു. രോഗികളെ സൗഖ്യമാക്കുന്നു. പരിശുദ്ധാത്മാവിനെ നൽകുന്നു. രോഗിരാജാധിരാജാവായി വേഗം വരുന്നു. അവിടുന്ന് എത്ര മഹത്വം ഉള്ളവൻ നമ്മുടെ ദൈവത്തപ്പോലെ വലിയ ദൈവം ആരുള്ളു? യഹോവയെ സ്തുതിപ്പിൻ.

---

## ഓഷ്യാനിയയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

**ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:**

## സമോവ



| | |
|---|---|
| തലസ്ഥാനം | : അപിയ |
| ഭാഷ | : സമോവൻ, ഇംഗ്ലീഷ് |
| ജനസംഖ്യ | : |
| പ്രസിഡണ്ട് | : തുഇലാഎപ സൈലേലെ മലീലേഗാവോയ് |
| മതം | : ക്രിസ്ത്യൻ |

ഗ്രാമങ്ങളിൽ തൊഴിൽരഹിതർ ധാരാളം. നിർദ്ധനരും. ഇവർക്ക് വേണ്ടിയുള്ള ദൈവത്തിന്റെ കരുതലിനായി നമുക്ക് പ്രാർത്ഥിക്കാം.

ബൈബിൾ പഠിപ്പിക്കുന്ന നല്ല അധ്യാപകർ എഴുന്നേൽക്കാനായി പ്രാർത്ഥിക്കുക.മോർമോണിസം പൊലെയുള്ള ദുരുപദേശങ്ങൾ രാജ്യത്ത് പിടിമുറുക്കിയിട്ടുണ്ട്.

ക്രൈസ്തവ വിഭാഗങ്ങളിലെ സഭാ നേതാക്കൾ പരസ്പരം സ്നേഹത്തിൽ കഴിയാനായി പ്രാർത്ഥിക്കുക.



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
08 FEBRUARY 2024
VOL 03 | ISSUE 038 | 737

# ഹാഗിയ സോഫിയക്ക് പിന്നാലെ ഇനി ചോറാ ചർച്ചും തുർക്കിയിൽ മസ്ജിദാകും

ഇസ്താംബുൾ : ഹാഗിയ സോഫിയയ്ക്ക് പിന്നാലെ മറ്റൊരു ക്രിസ്ത്യൻ പള്ളി കൂടി മസ്ജിദാക്കി മാറ്റാൻ തുർക്കി തയ്യാറാകുന്നു.

ഇസ്താംബുൾ നഗരത്തിൽ സ്ഥിതി ചെയ്യുന്ന ചോറ ചർച്ചാണ് മെയ് മാസത്തോടെ മുസ്ലീം പള്ളിയായി മാറ്റുന്നത്. ഇതിനുശേഷം മുസ്ലീങ്ങൾക്ക് ഇവിടെ നിസ്കരിക്കാനാകും. ഈ പള്ളിയെ മസ്ജിദാക്കി മാറ്റുന്ന ജോലികൾ ഇപ്പോൾ നടന്നുവരികയാണ്.

തുർക്കി പ്രസിഡണ്ട് റജബ് ത്വയ്യിബ് ഉർദുഗാനാണ് ഈ പള്ളിയെ മുസ്ലീം പള്ളിയാക്കി മാറ്റാൻ തീരുമാനിച്ചത്. ഇതിനുമുമ്പ് ചരിത്രപ്രസിദ്ധമായ ഹാഗിയ സോഫിയ പള്ളി മുസ്ലീം പള്ളിയാക്കി മാറ്റിയിരുന്നു.

1400 വർഷത്തോളം പഴക്കമുള്ളതാണ് ചോറ ചർച്ച്. കോൺസ്റ്റാന്റിനോപ്പിൾ റോം ഭരിച്ചിരുന്ന കാലത്താണ് ഇത് നിർമ്മിച്ചത്. ബൈസന്റൈൻ ഭരണകാലത്ത് അകത്ത് കൂടുതൽ അലങ്കാര പ്രവർത്തനങ്ങൾ നടത്തി. അതിൽ നിർമ്മിച്ച മൊസൈക്ക് തറകളും ചുവർ ചിത്രങ്ങളും കാണാൻ അതി മനോഹരമാണ്.

പതിനഞ്ചാം നൂറ്റാണ്ട് വരെ ഇത് ഒരു പള്ളിയുടെ രൂപത്തിൽ തുടർന്നു. 1945 ൽ, രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ലിബറലിസത്തിന്റെ യുഗം ആരംഭിച്ചപ്പോൾ, അത് ഒരു മ്യൂസിയമാക്കി മാറ്റി.

2019 വരെ അതേ രൂപത്തിൽ തുടർന്നു. ഇതിനുശേഷം, 2020 ൽ, തുർക്കി പ്രസിഡന്റ് റജബ് ത്വയ്യിബ് എർദോഗൻ ഇത് പള്ളിയായി മാറ്റുമെന്ന് പ്രഖ്യാപിച്ചിരുന്നു. അന്നുമുതൽ അതിൽ ചില അറ്റകുറ്റപ്പണികൾ നടന്നിരുന്നു. 2024 മെയ് മാസത്തിൽ മുസ്ലീം പ്രാർത്ഥനയ്ക്കായി ഈ പള്ളി തുറക്കുമെന്ന് സർക്കാർ അറിയിച്ചു


# ഐ.പി.സി. കർണാടക സ്റ്റേറ്റ് വാർഷിക കൺവൻഷൻ

ബെംഗളൂരു: ഐപിസി കർണാടക സ്റ്റേറ്റ് 37മത് വാർഷിക കൺവൻഷൻ ഫെബ്രുവരി 22 മുതൽ 25 വരെ ഹൊരമാവ് അഗര ഐപിസി ഹെഡ്ക്വാർട്ടേഴ്സ് ?ഗ്രൗണ്ടിൽ നടക്കും. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.എസ് ജോസഫ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജോസ് മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ.ഡോ. വർഗീസ് ഫിലിപ്പ് (സെക്രട്ടറി) സാം ജോർജ്, വിൽസൻ ജോസഫ്, ബി മോനച്ചൻ കായംകുളം, മോഹൻ പി ഡേവിഡ് (കാസർഗോഡ്) അലക്സ് വെട്ടിക്കൽ (ഡടഅ), റ്റി.ഡി തോമസ് എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും.
കൂടാതെ ഐപിസി കർണാടക സ്റ്റേറ്റിൽ നിന്നുള്ള ശുശ്രൂഷകന്മാരും വിവിധ മീറ്റിംഗുകളിൽ ദൈവവചനം ശുശ്രൂഷിക്കും.
പാസ്റ്റർ റിനു തങ്കച്ചന്റെ നേതൃത്വത്തിൽ കൺവൻഷൻ ക്വയർ ഗാനശുശ്രൂഷ നിർവഹിക്കും. കൺവൻഷനിൽ പൊതുയോഗം, പിവൈപിഎ, സൺഡേസ്കൂൾ, സോദരി സമാജം എന്നിവയുടെ വാർഷിക സമ്മേളനവും സമാപന ദിവസമായ 25 ഞായർ രാവിലെ തിരുവത്താഴ ശുശ്രൂഷയോടും സംയുക്ത ആരാധനയോടെയും കൺവൻഷൻ സമാപിക്കും.

# ഔറംഗാബാദിൽ ഐ.സി.പി.എഫ്. സമ്മേളനം

ഔറംഗാബാദ്: ഐസിപിഎഫിന്റെ പ്രമോഷണൽ മീറ്റിംഗ് ഫെബ്രു.19 ന് വൈകിട്ട് 6.30 മുതൽ ക്രിസ്ത്യൻ ഫെലോഷിപ്പ് സഭയിൽ നടക്കും. ജനറൽ സെക്രട്ടറി ഡോ. ജയിംസ് ജോർജ് , ഇവാ. അജി മർക്കോസ് എന്നിവർ ക്ലാസുകൾ നയിക്കും. സ്റ്റുഡൻസ് കൗൺസിലർ പി. എസ് ഷാലു നേതൃത്വം നല്കും.

# മുസ്ലിംകളുടെ ഹർജി തള്ളി; ദർഗ ഹിന്ദുക്കൾക്ക് വിട്ടുനൽകി കോടതി



ബാഗ്പത് : ഉത്തർപ്രദേശിലെ ബാഗ്പതിൽ സൂഫിവര്യൻ ബദറുദ്ദീൻ ഷാ ദർഗയുടെ ഉടമസ്ഥാവകാശം ഹിന്ദു വിഭാഗത്തിന് വിട്ടുനൽകി ബാഗ്പത് ജില്ലാ കോടതി. ഉടമസ്ഥാവകാശം തിരിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ട് മുസ്ലിം വിഭാഗം സമർപ്പിച്ച പതിറ്റാണ്ടുകൾ പഴക്കമുള്ള ഹർജി കോടതി തള്ളി. സിവിൽ ജഡ്ജി ശിവം ദ്വിവേദിയാണ് ഉത്തരവിട്ടത്. 53 വർഷം മുമ്പാണ് ഈ പ്രദേശവുമായി ബന്ധപ്പെട്ട തർക്കം തുടങ്ങിയത്. പ്രദേശത്ത് ദർഗയോ ഖബറിടമോ ഉണ്ടായിരുന്നില്ലെന്ന എതിർ ഭാഗത്തിന്റെ വാദം അംഗീകരിച്ചാണ് കോടതി കേസ് തള്ളിയത്. വിധി ചോദ്യം ചെയ്ത് ഹൈക്കോടതിയെ സമീപിക്കുമെന്ന് മുസ്ലിം വിഭാഗത്തിന് വേണ്ടി ഹാജരായ അഭിഭാഷകൻ ശാഹിദ് ഖാൻ പറഞ്ഞു.


# യു.എ.ഇ.യിൽ കനത്ത മഴയ്ക്കും മിന്നലിനും സാധ്യത

അബുദാബി: യുഎ ഇയിൽ ചില പ്രദേശങ്ങളിൽ കനത്ത മഴയ്ക്കും മിന്നലിനും ആലിപ്പഴ വീഴ്ചക്കും സാധ്യതയുണ്ടെന്ന് നാഷണൽ സെന്റർ ഓഫ് മെറ്റീരിയോളജിയുടെ മുന്നറിയിപ്പ്. ഞായറാഴ്ച മുതൽ ചൊവ്വാഴ്ച വരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്നാണ് നിർദ്ദേശം. താപനിലയും കുറഞ്ഞേക്കാം. തെക്കുകിഴക്ക് നിന്ന് വടക്കുകിഴക്ക് ഭാഗത്തേക്ക് ആയിരിക്കും കാറ്റ് വീശുന്നത്. കൂടാതെ പൊടിക്കാറ്റിനും സാധ്യതയുണ്ടാകുമെന്നും നാഷണൽ സെന്റർ ഓഫ് മെറ്റീരിയോളജി അറിയിച്ചു

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
04
08 FEBRUARY 2024
VOL 03 I ISSUE 038 I 737

# പാകിസ്താനിൽ തീവ്രവാദികൾ 10 പോലീസുകാരെ കൊലപ്പെടുത്തി

കറാച്ചി: വടക്കൻ പാകിസ്താനിൽ തിങ്കളാഴ്ച പുലർച്ചെ പോലീസ് സ്റ്റേഷൻ ആക്രമിച്ച തീവ്രവാദികൾ 10 പൊലീസ് ഉദ്യോഗസ്ഥരെ കൊലപ്പെടുത്തി. രണ്ടര മണിക്കൂറിലധികം വെടിവപ്പ് നീണ്ടുനിന്നതായി ഖൈബർ പഖ്തൂൺഖ്വ പ്രവിശ്യാ പോലീസ് മേധാവി അക്തർ ഹയാത് ഗന്ധപൂർ പറഞ്ഞു. ദേര ഇസ്മായിൽ ഖാൻ ജില്ലയിലെ ചൗധ്‌വാൻ പോലീസ് സ്റ്റേഷന് നേരെയുണ്ടായ ആക്രമണത്തിലാണ് 10 ഉദ്യോഗസ്ഥർ കൊല്ലപ്പെടുകയും നാല് പേർക്ക് പരിക്കേൽക്കുകയും ചെയ്തത്. 30ലധികം ഭീകരർ മൂന്ന് ദിശകളിൽ നിന്ന് ഒരേ സമയം ആക്രമണം നടത്തുകയായിരുന്നു. ആക്രമണത്തിനിടെ അക്രമികൾ പോലീസ് സ്റ്റേഷന്റെ നിയന്ത്രണം താൽക്കാലികമായി പിടിച്ചെടുത്തു. നിരോധിത ബലൂച് വിഘടനവാദി ഗ്രൂപ്പായ ബലൂചിസ്ഥാൻ ലിബറേഷൻ ആർമി (ബിഎൽഎ) ആ ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. നാളെയാണ് പാകിസ്താനിൽ പൊതു തിരഞ്ഞെടുപ്പ് നടക്കുക.



# ഭാര്യയുടെ ജന്മദിനം മറന്നാൽ ഭർത്താവിന് ജയിൽ ശിക്ഷ

അപിയ: ഭാര്യയുടെ ജന്മദിനം മറന്നാൽ ഭർത്താവിനെ ജയിലിലിടക്കുന്ന സ്ഥലത്തെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? പസഫിക് സമുദ്രത്തിലെ പോളിനേഷ്യൻ പ്രദേശത്തുള്ള സമോവയാണ് സ്ഥലം. അതിമനോഹരമായ ഒരു ദ്വീപാണ് സമോവ. പക്ഷേ അവിടെയുള്ള പുരുഷന്മാർ അബദ്ധത്തിൽ പോലും ഭാര്യയുടെ പിറന്നാൾ മറക്കാറില്ല. മറക്കാതിരിക്കുന്നതിന്റെ കാരണം ജയിലിൽ കഴിയേണ്ടി വരുമെന്നതാണ്. സമോവ നിയമപ്രകാരം ഭർത്താവ് ഭാര്യയുടെ ജന്മദിനം മറക്കുന്നത് കുറ്റകൃത്യങ്ങളുടെ വിഭാഗത്തിൽ പെടുന്ന തെറ്റാണ്. ഈ തെറ്റിനെക്കുറിച്ച് ഭാര്യ പോലീസിൽ പരാതിപ്പെടുകയാണെങ്കിൽ ഭർത്താവ് ജയിലിലാകും. ഭർത്താവിനെ കുറ്റവാളിയെ പോലെ ചോദ്യം ചെയ്യുകയും, ശിക്ഷ വിധിക്കുകയും ചെയ്യും. ആദ്യ തവണ ഭർത്താവിന് ഇളവ് പ്രതീക്ഷിക്കാം. പോലീസ് ഇനി ഇത് ആവർത്തിക്കരുതെന്ന് താക്കീത് നൽകി വിട്ടയക്കും. എന്നാൽ രണ്ടാം തവണ തെറ്റ് ആവർത്തിച്ചാൽ ഉറപ്പായും ജയിൽ ശിക്ഷ അനുഭവിക്കണം. ഇക്കാരണത്താൽ സമോവയിലെ ഭർത്താക്കന്മാർ ഭാര്യയെ എപ്പോഴും പ്രീതിപ്പെടുത്തിയാണ് ജീവിക്കുന്നത്. അബദ്ധത്തിൽ ജന്മദിനം മറന്നുപോയാൽ ഭാര്യമാർ പോലീസിൽ പരാതിപ്പെടാതിരിക്കാനുള്ള സൂത്രമാണിത്.

# മാധ്യമ അവാർഡുകൾക്കുള്ള എൻട്രികൾ ക്ഷണിച്ചു

തിരുവനന്തപുരം : കേരള മീഡിയ അക്കാദമിയുടെ 2023ലെ മാധ്യമ അവാർഡുകൾക്ക് എൻട്രികൾ ക്ഷണിച്ചു. 2024 ഫെബ്രുവരി 29 വരെ എൻട്രികൾ സമർപ്പിക്കാം. 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളാണ് പരിഗണിക്കുന്നത്. ദിനപത്രങ്ങളിലെ മികച്ച എഡിറ്റോറിയലിനുള്ള വി.കരുണാകരൻ നമ്പ്യാർ അവാർഡ്, മികച്ച അന്വേഷണാത്മക റിപ്പോർട്ടിനുള്ള ചൊവ്വര പരമേശ്വരൻ അവാർഡ്, മികച്ച പ്രാദേശിക ലേഖകനുള്ള ഡോ. മൂർക്കന്നൂർ നാരായണൻ അവാർഡ്, മികച്ച ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറിക്കുള്ള എൻ.എൻ. സത്യവ്രതൻ അവാർഡ്, മികച്ച ന്യൂസ് ഫോട്ടോഗ്രാഫർക്കുള്ള മീഡിയ അക്കാദമി അവാർഡ്, ദൃശ്യമാധ്യമ രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള മീഡിയ അക്കാദമി അവാർഡ് എന്നിവയ്ക്കാണ് എൻട്രികൾ ക്ഷണിക്കുന്നത്.

# ദി ചർച്ച് ഓഫ് ഗോഡ് കല്ലുമല കോട്ട ദൈവസഭ കൺവൻഷൻ

മുളക്കുഴ: ദി ചർച്ച് ഓഫ് ഗോഡ് (കല്ലുമല ) കോട്ട ദൈവസഭയുടെ കൺവൻഷൻ കോട്ട എലിമുക്ക് ജംഗ്ഷന് സമീപം ഫെബ്രുവരി 8 മുതൽ 10 വരെ നടക്കും. ദൈവസഭയുടെ മുളക്കുഴ സെക്ഷൻ സംയുക്ത ആരാധന 11 ഞായറാഴ്ച പകൽ 9 മണി മുതൽ നടക്കും. വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ റെജി ശാസ്താംകോട്ട , ഷിബിൻ ശാമുവേൽ , അജി എം പോൾ ,ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിക്കും. മിസ്സിയോ ഡെയ് മ്യൂസിക് ബാൻഡ് കൊട്ടാരക്കര ഗാനശുശ്രൂഷ ലീഡ് ചെയ്യും .സംയുക്ത ആരാധനയിലും മറ്റു യോഗങ്ങളിലും പാസ്റ്റർമാരായ എം ഡി രാജൻ , സാം വർഗീസ് , കെ. എസ് മത്തായി , ജോസഫ് ടി പുന്നൂസ് , സജി ഡാനിയേൽ, ജേക്കബ്, നിബിൻ തോമസ് , സുരേഷ് പി എം , എം . ആർ ജേക്കബ് എന്നിവർ പ്രസംഗിക്കും.

# വൈ.എം.സി.എ. പുനലൂർ സബ് റീജിയൻ സ്നേഹ സന്ദേശയാത്ര സമാപിച്ചു

കൊട്ടാരക്കര : വൈഎംസിഎ പുനലൂർ സബ് റീജിയന്റെ നേതൃത്വത്തിൽ കുളത്തൂപ്പുഴ വൈഎംസിഎയിൽ നിന്നാരംഭിച്ച് മേഖലയിലെ 19 യൂണിറ്റുകൾ സന്ദർശിച്ച് രണ്ടുദിവസമായി നടന്ന സ്നേഹ സന്ദേശ യാത്ര കരിക്കം വൈഎംസിഎയിൽ സമാപിച്ചു. സമാപന സമ്മേളനം മുൻ അഖിലേന്ത്യ നിർവാഹക സമിതി അംഗം കെ.ഒ. രാജുക്കുട്ടി ഉദ്ഘാടനം ചെയ്തു. ഐപ്പള്ളൂർ സെന്റ് ജോർജ് ശാലേം ഓർത്തഡോക്സ് പള്ളി വികാരി ഫാ.സാജൻ തോമസ് അനുഗ്രഹ പ്രഭാഷണം നടത്തി. സബ് റീജിയൻ ചെയർമാൻ സഖറിയ വർഗീസ് അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ ഡോ.എബ്രഹാം മാത്യു, വൈസ് ചെയർമാൻ മാത്യു വർഗീസ്, കെ. ബാബുക്കുട്ടി, സി.പി. ശാമുവേൽ, കെ.കെ. അലക്സാണ്ടർ, ജോസ് ഫിലിപ്പ്, എം.തോമസ് പൈനുംമൂട്ടിൽ, ഒ. അച്ചൻകുഞ്ഞ്,പി.വൈ. തോമസ്,പി.എം.ജി. കുരാക്കാരൻ,ഡാനിയേൽ കനകക്കുന്ന് എന്നിവർ പ്രസംഗിച്ചു.

# വാനം മുട്ടേ ഉയർന്നു പറക്കും പട്ടം



വർണ്ണശബളമായ പട്ടങ്ങൾ മേഘങ്ങളോടൊപ്പം സഞ്ചരിക്കുന്നത് കാണാൻ എന്ത് രസമാണല്ലേ? എത്രനേരം വേണമെങ്കിലും ആ കാഴ്ച നാം നോക്കി നിർ നിമേഷം നിൽക്കും. പട്ടം പറപ്പിക്കുന്നതിനെയും നിർമ്മിക്കുന്നതിനെയും പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും ഫെബ്രു. 8ന് ദേശീയ പട്ടം പറത്തൽ ദിനമായി ആചരിക്കുന്നു.

ബിസി 470ൽ ചൈനയിലാണ് ആദ്യമായി പട്ടം പറത്തിയതെന്ന് കരുതുന്നു. പട്ടവുമായി ബന്ധപ്പെട്ട് നിരവധി വിശ്വാസങ്ങളുണ്ട്.

പട്ടം സ്വർഗത്തിലേക്ക് സന്ദേശം അയക്കുമെന്നും ദൈവങ്ങൾക്കുള്ള വഴിപാടുകൾ അവിടെയെത്തിക്കുമെന്നുമൊക്കെ വിശ്വസിക്കുന്നവരുണ്ട്.

ശത്രുക്കൾ ചാരപ്പണി ചെയ്യാനും സന്ദേശങ്ങൾ കൈമാറാനും പട്ടങ്ങൾ ഉപയോഗിച്ചിരുന്നു. ചില ദ്വീപുകളിൽ ജനം മീൻ പിടിക്കാൻ പട്ടം ഉപയോഗിച്ചിരുന്നത്രേ!

മുള, ഞാങ്ങണ തുടങ്ങിയവയൊക്കെ യാണ് ആദ്യകാലത്ത് പട്ടം നിർമ്മിക്കാൻ ഉപയോഗിച്ചിരുന്നത്. ഇലകൾ, പട്ട്, പേപ്പർ മുന്തിരി വള്ളികൾ നെയ്തെടുത്ത നാരുകൾ തുടങ്ങിയവയൊക്കെ പട്ട നിർമ്മാണത്തിനായി ഉപയോഗിച്ചിരുന്നു.

ഇന്നും പട്ടം എല്ലാവർക്കും നല്ലൊരു വിനോദമാണ്. ലളിതമായ ഡയമണ്ട് പട്ടം മുതൽ കൂടുതൽ സങ്കീർണ്ണമായ പെട്ടി പട്ടം, ഭീമൻ സ്ലെഡ് പട്ടം എന്നിവയൊക്കെ വിപണിയിലുണ്ട്. സ്പോർട്സ് കൈറ്റ്സ് എന്നറിയപ്പെടുന്ന സ്റ്റണ്ട് കൈറ്റുകളും പട്ടം രൂപകൽപ്പന ചെയ്തിരിക്കുന്നു. ഉപരി ഓപ്പറേറ്റർക്ക് പട്ടം ഡിപ്സ്, ടിസ്റ്റുകൾ, ഡൈവുകൾ എന്നിവയിൽ നാടകീയമായ പ്രഭാവത്തോടെ കൈകാര്യം ചെയ്യാനുള്ള സാഹചര്യവുമുണ്ട്

# ഹയർ സെക്കൻഡറി ചോദ്യപേപ്പർ സുരക്ഷാ ചുമതല: സർക്കാർ ഉത്തരവിന് സ്റ്റേ

കൊച്ചി : ഹയർ സെക്കൻഡറി ചോദ്യപ്പേപ്പർഉത്തരപ്പേപ്പർ സുരക്ഷാ ചുമതലയിൽനിന്നു ഹൈസ്കൂൾ വിഭാഗത്തിലെ ക്ലർക്കുമാരെയും ക്ലാസ് 4 ജീവനക്കാർ അടക്കമുള്ളവരെയും ഒഴിവാക്കിയ സർക്കാർ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു. ഹൈസ്കൂൾ വിഭാഗത്തിലെ ലാബ് അസിസ്റ്റന്റുമാർക്കു മാത്രമായി ഈ ചുമതല പരിമിതപ്പെടുത്തിയത് സർക്കാർ ഈ വിഷയത്തെ ഗൗരവത്തോടെ കാണാതെയാണെന്നും ജസ്റ്റിസുമാരായ എ.മുഹമ്മദ് മുസ്താഖ്, ശോഭ അന്നമ്മ ഈപ്പൻ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. ഹയർ സെക്കൻഡറി ചോദ്യപ്പേപ്പർ ഉത്തരപ്പേപ്പർ സുരക്ഷാ ചുമതലയിൽ തങ്ങളെ ഉൾപ്പെടുത്തിയതിനെതിരെ ലാബ് അസിസ്റ്റന്റുമാർ ഹർജി നൽകിയിരുന്നു.

# ഇരുപത് ലക്ഷം പ്രഖ്യാപിച്ചിട്ടും ഫലമില്ല; നായ കൊല്ലപ്പെട്ടു

ദുബായ്: ഇന്നലെ കാണാതായ നായയുടെ കഥ ദുഃഖകരമായി അവസാനിച്ചതായി വാർത്ത. ദുബായിലെ അൽ ഗർഹൂദിൽ കാണാതായ മൂന്ന് വയസ്സുള്ള കൊക്കപ്പൂവിന് വേണ്ടിയുള്ള തിരച്ചിൽ ദാരുണമായി അവസാനിച്ചു. അമിതവേഗതയിൽ വന്ന കാർ ഇടിച്ച് കഡിൽസ് എന്ന തങ്ങളുടെ പ്രിയപ്പെട്ട വളർത്തുമൃഗം മരണപ്പെട്ടുവെന്ന വാർത്തയാണ് കുടുംബത്തിന് ലഭിച്ചത്. ഫ്ളയറുകൾ വിതരണം ചെയ്യുകയും 100,000 ദിർഹം പാരിതോഷികമായി പ്രഖ്യാപിച്ചിട്ടും കഡിൽസിനെ കണ്ടെത്താനുള്ള കുടുംബത്തിന്റെ ശ്രമങ്ങൾ പാഴായി. ഇന്ന് രാവിലെ കഡിൽസ് എന്ന ഒരു ചത്ത നായയുടെ ചിത്രം കുടുംബത്തിന് ലഭിച്ചു. കഡിൽസ് സുരക്ഷിതമായ തിരിച്ചുവരുമെന്ന പ്രതീക്ഷ അവസാനിപ്പിച്ചാണ് ആ ചിത്രം എത്തിയത്.

# പാക്കിസ്ഥാനിലെ ബലൂചിസ്ഥാനിൽ ഇരട്ട സ്ഫോടനം; 26 പേർ കൊല്ലപ്പെട്ടു

ഇസ്ലാമബാദ് : പാക്കിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിൽ ഇരട്ട സ്ഫോടനത്തിൽ 26 പേർ കൊല്ലപ്പെട്ടു. 30ലധികം പേർക്ക് പരുക്കേറ്റു. സ്വതന്ത്ര സ്ഥാനാർഥിയായ അസ്ഫൻഡർ കാക്കറിന്റെ ഓഫീസിന് സമീപത്താണ് ആദ്യ സ്ഫോടനമുണ്ടായത്. ഇതിൽ 14 പേർ കൊല്ലപ്പെട്ടു. തൊട്ടുപിന്നാലെ ഖില സൈഫുല്ലയിൽ ജെയുഐഎഫ് സ്ഥാനാർഥിയുടെ ഓഫീസിലും സ്ഫോടനമുണ്ടായി. ഇവിടെ 12 പേർ കൊല്ലപ്പെട്ടു. ഇരുസ്ഫോടനങ്ങളിലും പ്രധാനന്ത്രി അൻവറുൽ ഹഖ് അപലപിച്ചു. ബലൂചിസ്ഥാൻ ചീഫ് സെക്രട്ടറിയോട് സ്ഫോടനത്തെ കുറിച്ച് ഉടൻ റിപ്പോർട്ട് നൽകാൻ പ്രധാനമന്ത്രി നിർദേശിച്ചു. പരുക്കേറ്റവർക്ക് മെഡിക്കൽ സൗകര്യങ്ങളൊരുക്കാനും നിർദേശം നൽകിയിട്ടുണ്ട്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
06
08 FEBRUARY 2024
VOL 03 | ISSUE 038 | 737

# സ്തുതി സ്തോത്ര മുഖരിതമായി കൊട്ടാരക്കര; റ്റി.പി.എം സാർവ്വദേശീയ കൺവൻഷന് സുവിശേഷ വിളംബര ജാഥയോടെ തുടക്കം






കൊട്ടാരക്കര: ശുഭ്രവസ്ത്ര ധാരികളായ ആയിരങ്ങൾ വേദപുസ്തകവും തിരുവചന പ്ലാക്കാർഡും കൈയിലേന്തി സുവിശേഷ വിളംബര ജാഥ കൊട്ടാരക്കരയെ സ്തുതി സ്തോത്ര മുഖരിതമാക്കി. വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ വേദവാക്യങ്ങൾ വിളിച്ചുപറഞ്ഞും ആത്മീയ ഗാനങ്ങൾ പാടിയും ആയിരങ്ങൾ അണിനിരന്നു.

ദി പെന്തെക്കോസ്ത് മിഷൻ കൊട്ടാരക്കര സാർവ്വദേശീയ കൺവൻഷന് മുന്നോടിയായി ഇന്ന് വൈകിട്ട് നടന്ന സുവിശേഷ വിളംബര ജാഥ പുലമൺ ഫെയ്ത്ത് ഹോം ജംഗ്ഷന് സമീപമുള്ള കൊട്ടാരക്കര സെന്റർ ഫെയ്ത്ത് ഹോമിൽ നിന്നും കൊട്ടാരക്കര നഗരത്തിലൂടെ റ്റി.പി.എം കൺവൻഷൻ ഗ്രൗണ്ടിൽ എത്തിയതോടെ വിശ്വാസികളെ കൊണ്ട് കൺവൻഷൻ പന്തൽ നിറഞ്ഞു. കൊട്ടാരക്കര സെന്ററിലെ 40 ഓളം പ്രാദേശിക സഭകളിലെ വിശ്വാസികളും ശുശ്രൂഷകരും സുവിശേഷ വിളംബര ജാഥയിൽ പങ്കെടുത്തു. കൺവൻഷന് മുന്നോടിയായി കഴിഞ്ഞ ഞായറാഴ്ച രാവിലെ നടന്ന സൺഡേ സ്കൂൾ ജാഥയിൽ കൊട്ടാരക്കര സെന്ററിലെയും പ്രാദേശിക സഭകളിലെയും സൺഡേ സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും ശുശ്രൂഷകരും പങ്കെടുത്തിരുന്നു.

ഇന്ന് ബുധൻ മുതൽ ശനി വരെ വൈകിട്ട് 5.45 ന് സുവിശേഷ പ്രസംഗം. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 7 ന് വേദപാഠം, 9.30 ന് പൊതുയോഗം, വൈകിട്ട് 3 നും രാത്രി 10 നും കാത്തിരിപ്പ് യോഗം എന്നിവയും സമാപന ദിവസമായ ഞായറാഴ്ച രാവിലെ 9 ന് കൊട്ടാരക്കര, പുനലൂർ സെന്ററുകളുടെ 56 പ്രാദേശിക സഭകളുടെ സംയുക്ത സഭായോഗവും വൈകിട്ട് 5.45 ന് പ്രത്യേക രോഗശാന്തി ശുശ്രൂഷയും ഉണ്ടായിരിക്കും. ഫെബ്രുവരി 12 ന് രാവിലെ പുതിയ ശുശ്രൂഷകരെ തിരഞ്ഞെടുക്കുന്ന ശുശ്രൂഷയും നടക്കും.

സീനിയർ ശുശ്രൂഷകർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. സഭയുടെ സുവിശേഷ പ്രവർത്തകർ സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകും. വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും ശുശ്രൂഷകരും വിശ്വാസികളും കൺവൻഷനിൽ പങ്കെടുക്കും.

# ഇന്ത്യയിലേക്കുള്ള കപ്പലുകൾക്ക് നേരെ മിസൈലാക്രമണം

ടെഹ്റാൻ : ചെങ്കടലിൽ വീണ്ടും ആക്രമണം അഴിച്ചുവിട്ട് ഹൂതി വിമതർ. യുഎസിൽ നിന്നും ഇന്ത്യയിലേക്ക് വരികയായിരുന്ന കപ്പലുൾപ്പടെ രണ്ടുകപ്പലുകൾക്ക് നേരെയാണ് ഹൂതികൾ മിസൈലാക്രമണം നടത്തിയത്. യെമനിലെ ഹൂതികേന്ദ്രങ്ങളിൽ നിന്ന് ആറ് ബാലിസ്റ്റിക് മിസൈലുകൾ കപ്പലുകൾക്ക് നേരെ തൊടുത്തുവെന്ന് യുഎസ് സൈന്യം ഔദ്യോഗിക എക്സ് ഹാൻഡിലിൽ കുറിച്ചു. ആക്രമണങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുത്ത് ഹൂതിയും രംഗത്ത് വന്നിട്ടുണ്ട്.

# 2024 താലന്ത് പരിശോധനയിൽ മതമ്പ ദൈവസഭക്ക് അഭിമാന നേട്ടം

മതമ്പ : പെന്തകോസ്ത് ഫെല്ലോഷിപ്പ് ഇൻ ഇന്ത്യ ദൈവസഭയിൽ നടത്തപ്പെട്ട താലന്ത് പരിശോധനയിൽ മതമ്പ ദൈവസഭ അഭിമാനകരമായ നേട്ടം കരസ്ഥമാക്കി. സൺഡേ സ്കൂൾ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട താലന്ത് പരിശോധനയിൽ സജീവമായി പങ്കെടുത്തു. യുത്ത് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മത്സരങ്ങളിൽ ഏറ്റവും അധികം പോയിന്റ് നേടി യുത്ത് ഫെല്ലോഷിപ്പ് ചാമ്പ്യൻമാരായി ഓവർ റോൾ ട്രോഫിയും കരസ്ഥമാക്കി. പാസ്റ്റർ കെ വി അച്ചൻകുഞ്ഞ് തുലാപ്പള്ളി ഇവിടെ ശുശ്രൂഷിക്കുന്നു. വാർത്ത : പാസ്റ്റർ റ്റി പി ജോൺ റാന്നി.

# അസംബ്ലീസ് ഓഫ് ഗോഡ് ഗോസ്പൽ സെന്റർ കാട്ടാക്കട സഭാ ഹാൾ സമർപ്പണം ഫെബ്രു. 11 ന്

തിരുവനന്തപുരം: അസംബ്ലീസ് ഓഫ് ഗോഡ് ഗോസ്പൽ സെന്റർ കാട്ടാക്കട സഭ പുതുതായി പണികഴിപ്പിച്ച ആരാധനാലയത്തിന്റെ സമർപ്പണ ശുശ്രൂഷ ഫെബ്രുവരി 11 ഞായർ വൈകുന്നേരം 3.30 ന് ദക്ഷിണ മേഖല ഡയറക്ടർ പാസ്റ്റർ പി. കെ. യേശുദാസിന്റെ അദ്ധ്യക്ഷതയിൽ അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സുപ്രണ്ട് റവ. റ്റി. ജെ. സാമുവേൽ നിർവഹിക്കും. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, സെക്ഷൻ പ്രസ്ബിറ്റർമാർ, വിവിധ സഭാനേതാക്കൾ, ജനപ്രതിധികൾ മുതലായവർ ആശംസകൾ അറിയിക്കും. സഭാ പ്രതിഷ്ഠയ്ക്കു മുന്നോടിയായി ഞായറാഴ്ച കാട്ടാക്കടയിൽ നിന്ന് ഞായർ വൈകുന്നേരം 3 ന് സഭാ ഹാളിലേക്ക് റാലി നടക്കും. ദക്ഷിണ മേഖല ഡയറക്ടർ പാസ്റ്റർ പി. കെ. യേശുദാസാണ് സഭാ ശുശ്രൂഷകൻ.

വാർത്ത: ബൈജു എസ് , പനയ്ക്കോട്

# ഐ.പി.സി. കുമളി സെന്റർ കൺവൻഷൻ

കുമളി : ഐപിസി കുമളി 33മത് സെന്റർ കൺവൻഷൻ ഇന്ന് മുതൽ ഫെബ്രുവരി 11 ഞായർ വരെ നടത്തപെടുന്നു. എല്ലാ ദിവസവും വൈകിട്ട് 6 മണി മുതൽ രാത്രി 9 മണി വരെ ആറാംമൈൽ പഞ്ചായത്ത് മൈതാനത്തിൽ വച്ചാണ് യോഗങ്ങൾ നടക്കുന്നത്. സെന്റർ മിനിസ്റ്റർ പാസ്റ്റർ എം. ഐ കുര്യൻ ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ കെ. സി തോമസ് (പ്രസിഡന്റ്,ഐപിസി കേരള സ്റ്റേറ്റ് ), റെജി ശാസ്താംകോട്ട, അനിൽ കൊടിത്തോട്ടം, കെ. ജെ തോമസ് (കുമളി ), തോമസ് മാത്യു ചാരുവേലി, വർഗീസ് എബ്രഹാം (റാന്നി ) എന്നിവർ ദൈവവചനം സംസാരിക്കും. ജെറുശലേം വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ഞാറാഴ്ച സെന്റർ സഭകളുടെ സംയുക്ത ആരാധനയും ,കർത്തൃമേശയോടും കൺവൻഷൻ സമാപിക്കും.

# സംസ്കാരത്തെ ചൊല്ലി തർക്കം

പശ്ചിമ ബംഗാൾ: സൗത്ത് 24 പർഗാനാസ് ജില്ലയിലെ ഒരു ഗ്രാമത്തിൽ മരിച്ച വിശ്വാസിയെ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് തർക്കം. ക്രൈസ്തവ രീതിയിലുള്ള മരണാനന്തര ശുശ്രൂഷ നടത്താൻ തുനിഞ്ഞ പുരോഹിതന് നേരെയാണ് കുടുംബാംഗങ്ങളും നാട്ടുകാരും എതിർപ്പ് പ്രകടിപ്പിച്ചത്. തുടർന്ന് മൃതദേഹം ദഹിപ്പിക്കുകയായിരുന്നു. വീടുകളിൽ പ്രാർത്ഥനാ യോഗങ്ങൾ നടത്തരുതെന്ന് കർശന നിർദേശമാണ് ഗ്രാമത്തിലെ വിശ്വാസികൾക്ക് ഗ്രാമത്തലവനും മറ്റ് ഗ്രാമവാസികളും നൽകിയിരിക്കുന്നത്.

# എന്തേ, മൂന്നരയടിയാകാൻ പാടില്ലേ...?

ഒരിക്കൽ ഗുരു തന്റെ ശിഷ്യന്മാരോട് ഒരു താമരയുടെ ഉയരം എത്രയാണെന്ന് ചോദിച്ചു!
ശിഷ്യന്മാർ പരസ്പരം മുഖത്തോടു മുഖം നോക്കി. തല കുനിച്ചിരുന്നു.
വീണ്ടും ചോദ്യം ആവർത്തിച്ചപ്പോൾ ഒരു വിരുതൻ പറഞ്ഞു:
'രണ്ടരയടി'..!
അപ്പോൾ ഗുരു ചോദിച്ചു:
എന്തേ , മൂന്നരടിയാകാൻ പാടില്ലേ...?
പെട്ടെന്ന് മറ്റൊരു മിടുക്കൻ ചാടിയെഴുന്നേറ്റു പറഞ്ഞു: തണ്ണിയോളം ഉയരം താമരയ്ക്ക് ! '
അതായത് വെള്ളത്തോളം ഉയരം താമരയ്ക്ക് ഉണ്ടെന്നർത്ഥം!
ഒരു പക്ഷേ വെള്ളം രണ്ടരയടിയായിരിക്കാം...!
നാലടിയായിരിക്കാം...!
ആറടിയായിരിക്കാം...!
എട്ടടിയായിരിക്കാം...!
അങ്ങനെ പല അളവുകൾ...!
വെള്ളത്തിന്റെ ആഴത്തിനെ ആശ്രയിച്ചിരിക്കും താമരയുടെ ഉയരം എന്നർത്ഥം...!

മിടുക്കനായ ശിഷ്യന്റെ ഉത്തരം കേട്ട് സംതൃപ്തനായെങ്കിലും ഗുരു വീണ്ടും ചോദിച്ചു ഒരു മനുഷ്യന്റെ ഉയരം എത്രയാണ് ...?
ശിഷ്യൻമാരുടെ ഭാഗത്ത് നിന്ന് മറുപടി ഉണ്ടാകാതിരുന്നപ്പോൾ അദ്ദേഹം പറഞ്ഞു: ഓരോ മനുഷ്യന്റേയും ഉയരം അവന്റെ പ്രതീക്ഷകൾക്കും ആഗ്രഹങ്ങൾക്കും അനുസരിച്ചായിരിക്കും ആഗ്രഹങ്ങളും , പ്രതീക്ഷകളും കുറഞ്ഞാൽ അവന്റെ ഉയരവും കുറയും.
നിങ്ങളുടെ പ്രതീക്ഷകൾക്കും, ആഗ്രഹങ്ങൾക്കും ഉയരം കുറയരുത്...
അതുകൊണ്ട്...
ജീവിതത്തിൽ ആവോളം പ്രതീക്ഷിക്കുക
ആഗ്രഹിക്കുക...സ്വപ്നം കാണുക...
അവയാണ് നിങ്ങളുടെ ഉയരം തീരുമാനിക്കുന്നത്...*

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.

**Contact-Baby Samuel**
**WhatsApp No. +91 92072 51248**






തയ്യാറാക്കിയത്:
സിസ്റ്റർ ബിൻസി ഐസക്

## സൂപ്പർ ബൈബിൾ ക്വിസ് 37

### ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: **സംഖ്യാപുസ്തകം 11 - 15**

1. കനാൻ ദേശം ഒറ്റുനോക്കുന്നതിനു എവിടെ നിന്നാണ് മോശ ആളുകളെ അയച്ചത്?
2. മന്നയുടെ നിറ മെന്തുപോലെയാണ്?
3. യഹോവക്ക് ഉദർചാ ർപ്പണം കഴിക്കേണ്ടത് എന്താണ്?
4. ദുരാഗ്രഹികളുടെ കൂട്ടത്തെ കുഴിച്ചിട്ട സ്ഥലത്തിന്റെ പേര്?
5. നൂന്റെ മകനായ ഹോശേയക്ക് മോശെ ഇട്ട പേര്?

### ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. രെയൂവേൽ (10:29)
2. നാസീർവ്രതം (6:2)
3. രണ്ടാം മാസം പതിനാലാം തീയതി (9:10 & 11)
4. അഹരോന്റെ പുത്രന്മാരായ പുരോഹിതന്മാർ (10.8)
5. നീരാജനയാഗം (8:11)

CHRISTIAN LIVE DAILY
08 FEBRUARY 2024
VOL 03
ISSUE 038 | 737
ON THE BATTLEFIELD FOR THE GREAT COMMISSION
www.christianlive.in
cnl7news@gmail.com
+91 98465 52220




PUBLISHED BY ON BEHALF OF CHRISTIANLIVE MEDIA INTERNATIONAL PVT. LTD., MOB : +91 98465 52220